**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 199** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രിയിലെ അമിത ചികിത്സാച്ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയകൾ,രോഗ നിർണ്ണയ പരിശോധനകൾ, ചികിത്സ എന്നിവയുടെ നിരക്കുകളിൽ വലിയ വർദ്ധന നിലനിൽക്കുന്നത് പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ചികിത്സാ സൗകര്യം, പരിശോധനാ സംവിധാനം എന്നിവ കണക്കിലെടുത്ത് സ്വകാര്യ ആശുപത്രികളെ ഏതെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം കേരളത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവയുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. ആശുപത്രികൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന്റെ ഭാഗമായി മിനിമം സ്റ്റാൻഡേർഡ് നിർണ്ണയിക്കുന്നതിനുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ തരംതിരിച്ച് മാനദണ്ഡങ്ങൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |
| (ബി) | കോവിഡ് രോഗ പ്രതിസന്ധിക്കിടയിലും ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും രോഗനിർണയത്തിനും ചില സ്വകാര്യ ആശുപത്രികൾ അമിത തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിലെ പരാതി പരിഹാര സമിതി കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട പരാതികളുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിച്ചുവരുന്നു. അപ്പലേറ്റ് അതോറിറ്റിയ്ക്ക് ലഭിച്ച പരാതികൾ അപ്പലേറ്റ് അതോറിറ്റി പരിശോധിച്ച് അനന്തര നടപടികൾക്കായി അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്. മറ്റ് ചികിത്സാ/ ശസ്ത്രക്രിയാ സംബന്ധമായ പരാതികൾ അന്വേഷണത്തിനും റിപ്പോർട്ടിനുമായി ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിയ്ക്ക് അയച്ചുകൊടുക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ